THIRUVANANTHAPURAM REGIONAL CO-OPERATIVE MILK PRODUCERS' UNION Ltd.
KSHEERA BHAVAN, PATTOM, THIRUVANANTHAPURAM-695 004
PH: 2447109, 2448057, 2446845 Fax No.0471-2449567

No. TRU/PER/79/2025 Dtd: 27.01.2025

# ഗാർഡനിംഗ് ക്വട്ടേഷൻ

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ പട്ടം ക്ഷീരഭവനിലെ ഓഫീസ് പൂന്തോട്ട പരിപാലന ജോലികൾ കരാർ വ്യവസ്ഥയിൽ 2 വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

വിശദവിവരങ്ങൾ ഈ ഓഫീസിൽ നിന്നും, www.milmatrcmpu.com. എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

ക്വട്ടേഷൻ സ്വീകരിയ്ക്കുന്ന അവസാന തീയതി 13.02.2025, 2.30 P.M.

മാനേജിംഗ്ഡയറക്ടർ

## വിശദവിവരങ്ങൾ

**പൂന്തോട്ട പരിപാലന ജോലികൾ**

1. നിലവിലുള്ള ചെടികൾക്കും ഗ്രാസ്സ് ബെഡ്ഡിനും വെള്ളം ഒഴിയ്ക്കുക, വളം ഇടുക, കള പറിക്കുക, മരുന്നു തളിയ്ക്കുക തുടങ്ങിയ പരിചരണ ജോലികൾ

2. ചെടിച്ചട്ടികൾ ഹെഡ്ഓഫീസിനകത്തെ മുറികളിൽ ആവശ്യമായ സമയത്തു കൊണ്ടു വയ്ക്കുക, തിരികെ എടുക്കുക തുടങ്ങിയ ജോലികൾ

3. പുതിയ ചെടികൾ വെച്ചു പിടിപ്പിക്കുക, ചെടികൾ വിത്തുകൾ പാകിയും തണ്ടുകൾ നട്ടും മുളപ്പിച്ചെടുക്കുകയും മാറ്റി നടുകയും ചെയ്യുക, മുറിച്ചു നിർത്തേണ്ട ചെടികളെ ആവശ്യമായ സമയങ്ങളിൽ മുറിച്ചു മോടിപിടിപ്പിക്കുക/ഭംഗിയാക്കുക.

4. മേൽപ്പറഞ്ഞ ജോലികളും പൂന്തോട്ട പരിചരണവുമായി ബന്ധപ്പെട്ട എല്ലാജോലികളും.

5 ഓഫീസ് കെട്ടിടത്തിനു ചുറ്റുമുള്ള മുറ്റത്തേയും റോഡിലേയും പുല്ലുകൾ കാലാ കാലങ്ങളിൽ മുറിച്ചുവൃത്തിയാക്കുക.

6. പൂന്തോട്ട പരിപാലനത്തിന് ആവശ്യമായ കത്രിക, മൺവെട്ടി, കത്തി തുടങ്ങിയ ഉപകരണങ്ങൾ കരാറുകാരൻ കരുതേണ്ടതാണ്.

മേൽപ്പറഞ്ഞ ജോലികൾക്കു വേണ്ടി ആവശ്യമായ മറ്റു വസ്തുക്കളായ മണൽ, വളങ്ങൾ, കീടനാശിനികൾ എന്നിവ ഈ ഓഫീസിൽ നിന്നും നൽകുന്നതാണ്.

മേൽ ജോലികൾക്ക് കരാറുകാരൻ എല്ലാ ദിവസവും വേണ്ടത്ര യോഗ്യതയുള്ള ഒരു തൊഴിലാളിയേയെങ്കിലും നിയമിക്കേണ്ടതാണ്.

**കരാർസംബന്ധമായ പൊതുവ്യവസ്ഥകളും നിബന്ധനകളുംതാഴെകൊടുത്തിരിക്കുന്നു:-**

1. പൂന്തോട്ട ജോലികൾക്കുള്ളപ്രതിമാസ നിരക്ക് സമർപ്പിക്കേണ്ടതാണ്.

സർക്കാർ / പൊതുമേഖലാ / സഹകരണസ്ഥാപനങ്ങൾ ഇവയിലേതെങ്കിലുമൊന്നിൽ കുറഞ്ഞത് മൂന്നു വർഷമെങ്കിലും പൂന്തോട്ട നിർമ്മാണത്തിലും പൂന്തോട്ട പരിചരണത്തിലും പ്രവർത്തി പരിചയമുള്ളവരുടെ ക്വൊട്ടേഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളു. പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ കൂടി ക്വൊട്ടേഷനോടൊപ്പം നൽകിയിരിക്കണം.

2. കരാറുകാരൻ നിയമപരമായി ലൈസൻസ് ഉള്ള വ്യക്തിയായിരിക്കുകയും ആവശ്യമുള്ള ജീവനക്കാരെ സ്വന്തമായി നിയോഗിക്കേണ്ടതും, അവരുടെ ശമ്പളം, ഇ.എസ്.ഐ., വിഹിതം, പ്രോവിഡണ്ട് ഫണ്ട് വിഹിതം, മറ്റു നിയമപരമായ ആനുകൂല്യങ്ങൾ എന്നിവ നൽകേണ്ടതുമാണ്. ടി കരാറുകാരന്റെ ജീവനക്കാരുമായി ഈ സ്ഥാപനത്തിനു തൊഴിലാളി-തൊഴിലുടമ ബന്ധം ഉണ്ടായിരിക്കുന്നതല്ല.

3. കരാറുകാരൻ അതാതുകാലങ്ങളിൽ നിയമാനുസൃതമുള്ള എല്ലാ ബാദ്ധ്യതകളും

നിറവേറ്റണ്ടതാണ്.

4. ഏൽപ്പിച്ചിട്ടുള്ള ജോലി വൃത്തിയായും പൂർണ്ണമായും ചെയ്യാത്ത പക്ഷം ബിൽ തുക യിൽ
ആനുപാതികമായി കുറവ് വരുത്തുവാൻ ഈ യൂണിയനു അവകാശമുണ്ടായിരിക്കും.

5. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികൾക്ക് കേരള സംസ്ഥാന സർക്കാർ അനുശാസിക്കുന്ന നിയമാനുസൃത മിനിമം ശമ്പളം നൽകിയിരിക്കേണ്ടതാണ്.

6. നിയമപരമായി കരാറുകാരൻ നൽകേണ്ട തുക നൽകാതിരുന്നാൽ കരാറുകാരന്റെ ബിൽതുകയിൽ നിന്നും ഈ തുക ഈടാക്കി ബന്ധപ്പെട്ടവർക്കു നൽകുന്നതിന് ഈ യൂണിയന് അവകാശമുണ്ടായിരിക്കും.

7. കരാറിന്റെ നിരക്ക് നോഗോഷ്യേറ്റ്ചെയ്ത് കുറയ്ക്കാൻ യൂണിയന് അവകാശമുണ്ടായിരിക്കുന്നതാണ്. ഏതൊരു ക്വൊട്ടേഷനും, യാതൊരു കാരണവും കാണിക്കാതെ നിരസിക്കുവാൻ യൂണിയന് അവകാശമുണ്ടായിരിക്കുന്നതാണ്.

8. ഒരുമാസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഇരുകൂട്ടർക്കും അവ കാശമുണ്ടായിരിക്കുന്നതാണ്.

9. കരാറുകാരന്റേയോ, ടിയാന്റെ ജീവനക്കാരന്റേയോ അനാസ്ഥ കാരണംയൂണിയന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതു കരാറുകാരന്റെ ബില്ലിൽ നി ന്നോ, മറ്റു നിയമപരമായ മാർഗ്ഗങ്ങളിലൂടേയോ ഈടാക്കുവാൻ യൂണിയന് അവകാ ശമുണ്ടായിരിക്കും.

10. ക്വൊട്ടേഷൻ നിജപ്പെടുത്തികിട്ടുന്ന ആൾ / സ്ഥാപനം സെക്യൂരിറ്റിഡെപ്പോസിറ്റായി 1000.00 രൂപ പൂന്തോട്ട സംരക്ഷണ ജോലികൾക്കായി ഈ ഓഫീസിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്. കരാർ അവസാനിപ്പിക്കുന്ന മുറയ്ക്ക് ഒന്നാം കക്ഷിയിൽ നിന്നും യൂണിയന് കിട്ടാനുള്ള തുക കഴിച്ച് ബാക്കി പലിശ രഹിതമായിതിരിച്ചു നൽകുന്നതാണ്.

11. കരാർലഭിക്കുന്ന വ്യക്തി/സ്ഥാപനം 200.00രൂപ മുദ്രപ്പത്രത്തിൽ നിബന്ധനകൾ അംഗീകരിച്ച് കരാർ ഒപ്പിട്ട് നൽകേണ്ടതാണ്.

ഈ വ്യവസ്ഥകൾ അനുസരിച്ച് കരാർ ഏറ്റെടുക്കാൻ തയ്യാറാണെങ്കിൽ ആയതു കാണിച്ചു കൊണ്ടും ഒരു മാസത്തേയ്ക്കു പൂന്തോട്ട പരിപാലന ജോലികൾക്കുള്ള ഏറ്റവും കുറഞ്ഞ തുക കാണിച്ചുകൊണ്ടുള്ള ക്വൊട്ടേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം, പട്ടം, തിരുവനന്തപുരം-4, എന്ന വിലാസത്തിൽ13.02.2025.തീയതി 2.30 പി.എം.-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

അന്നേദിവസം 3.00 പി.എം.-ന് സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വൊട്ടേഷനോടൊപ്പം 5000.00 രൂപയുടെ നിരതദ്രവ്യം രൊക്കം പണമായി നൽകിയതിന്റെ രസീതും പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം കരാർ സംബന്ധിച്ച ഈ വ്യവസ്ഥകളും നിബന്ധനകളും അംഗീകരിച്ച് എല്ലാ പേജുകളിലും ഒപ്പു വച്ച് ക്വൊട്ടേഷനോടൊപ്പം വയ്ക്കേണ്ടതാണ്.

മാനേജിംഗ്ഡയറക്
ടർ

പകർപ്പ്
സീനിയർ മാനേജർ (ഫിനാൻസ്)-ഹെഡ്ഓഫീസ്

## പൂന്തോട്ട സംരക്ഷണജോലിക്കുള്ള ക്വൊട്ടേഷൻ

28.01.2025-ലെ മലയാള മനോരമ ദിനപത്രപ്പരസ്യ പ്രകാരം പൂന്തോട്ട സംരക്ഷണജോലികൾഏറ്റെടുത്തു നടത്തുന്നതിന് എന്റെ / ഞങ്ങളുടെ ഏറ്റവും കുറഞ്ഞ നിരക്കും മറ്റ് വിവരങ്ങളും താഴെകൊടുക്കുന്നു.

| | | |
|---|---|---|
| 1. | നിരതദ്രവ്യം അടച്ച രസീത് നമ്പറും തീയതിയും | |
| 2. | പൂന്തോട്ട സംരക്ഷണജോലി-ക്വൊട്ടുചെയ്യുന്ന പ്രതിമാസതുക | |
| 3. | പ്രതിദിനം ജോലിയ്ക്കു നിയോഗിക്കുന്നവരുടെഎണ്ണവുംഅവരുടെ പ്രതിമാസ ശമ്പളവും | |
| 4. | എന്റെ / ഞങ്ങളുടെകോൺട്രാക്ട്ലേബർ ലൈസൻസ് നമ്പർ | |
| 5. | എന്റെ /ഞങ്ങളുടെ പ്രോവിഡണ്ട് ഫണ്ട് രജിസ്ട്രേഷൻ നമ്പർ | |
| 6. | എന്റെ /ഞങ്ങളുടെഇ.എസ്.ഐ. രജിസ്ട്രേഷൻ നമ്പർ | |
| 7. | എന്റെ /ഞങ്ങളുടെ മുൻ പ്രവൃത്തി പരിചയം | |
| | സ്ഥാപനത്തിന്റെ പേരുംമേൽവിലാസവും | കാലാവധി |
| | | |
| | | |
| | | |
| | | |
| | | |

മേൽപ്പറഞ്ഞ വിവരങ്ങൾ സത്യമാണെന്നും, ആവശ്യപ്പെടുന്ന മുറയ്ക്ക് എല്ലാ മേൽപ്പറഞ്ഞ രേഖകളുടേയും അസ്സൽ ഹാജരാക്കിക്കൊള്ളാമെന്നും സമ്മതിച്ചുകൊള്ളുന്നു. ഒപ്പിട്ട കരാർവ്യവസ്ഥകളും നിരത ദ്രവ്യമടച്ചതിന്റെ രസീതിന്റെ അസ്സലും, പ്രവൃത്തി പരിചയം സംബന്ധിച്ച രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു. കരാർ ലഭിക്കുന്ന പക്ഷം കരുതൽ തുക കെട്ടിവച്ച് കരാർ ഒപ്പിട്ട് ജോലി ഏറ്റെടുത്ത് നടത്തിക്കൊള്ളാമെന്നും സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ് :
തീയതി: പേര്:
മേൽവിലാസം :